## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 767 29.09.2016 – ൽ മറുപടിക്ക്**

# പെരുമൺപാലത്തിന്റെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുകേഷ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2010 - ൽ ഭരണാനുമതി ലഭിച്ച കൊല്ലം - കുന്നത്തൂർ താലൂക്കുകളെ ബന്ധിപ്പിക്കുന്ന, പെരുമണിൽ നിന്നും പേഴംതുരുത്ത് വരെയുള്ള പെരുമൺ പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള പ്രൊപോസൽ 2014-ൽ സർക്കാർ ഡെഫെർ ചെയ്തിരുന്നോ, വിശദാംശം ലഭ്യമാക്കുമോ ; | (എ) | 10.12.2014 – ലെ 10839/ഡി1/2014/പൊ.മ.വ. കത്തു പ്രകാരം ഡെഫെർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇൻവെസ്റ്റിഗേഷൻ, സർവ്വേ, ഡിസൈൻ, മണ്ണ് പരിശോധന തുടങ്ങി പ്രാഥമിക നടപടികൾ പൂർത്തിയാക്കിയ പാലത്തിന്റെ നിർമ്മാണം 2016 - 17 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നടപടികൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ ; | (ബി) | പെരുമൺ - മൺറോതുരുത്ത് പാലം ഉൾപ്പെടെയുള്ള കേരളത്തിലെ 79 പാലങ്ങൾ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അപ്രോച്ച് റോഡിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 16.09.2016-ലെ സ. ഉ. (സാധാ) നം. 4426/14/റവ. ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിരുന്നെങ്കിലും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ നിലവിൽ വന്നതിനാൽ റിക്വസിഷൻ അതോറിറ്റി ഭൂമി ഏറ്റെടുക്കലിനായി വീണ്ടും അപേക്ഷ നൽകി അനുമതി ലഭ്യമാക്കേണ്ടതുണ്ടോ ; | (സി) | റവന്യൂ വകുപ്പിൽ നിന്ന് വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾക്കായി നിർദ്ദേശം നൽകുമോ ? | (ഡി) | പെരുമൺ - മൺറോതുരുത്ത് പാലം ഉൾപ്പെടെയുള്ള കേരളത്തിലെ 79 പാലങ്ങൾ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ